പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1200 12.07.2016-ലെ മറുപടിക്ക്

റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാർ വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സ്റ്റേഷൻ മാസ്റ്റർ - 1<br>ഇൻസ്പെക്ടർ - 1<br>കണ്ടക്ടർ - 38<br>(സ്ഥിരം - 22, താൽക്കാലികം - 16)<br>ഡ്രൈവർ - 35<br>(സ്ഥിരം - 33, താൽക്കാലികം - 2)<br>വെഹിക്കിൾ സൂപ്പർവൈസർ - 1<br>മിനിസ്റ്റീരിയൽ - 2<br>ഗാർഡ് - 2<br>ചാർജ്ജ്മാൻ - 1<br>മെക്കാനിക്ക് - 11<br>കാഷ്വൽ ലേബർ - 1 |
| (ബി) | എത്ര ഷെഡ്യൂൾ ആണ് ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | രണ്ട് കെ.യു.ആർ.റ്റി.സി. സർവ്വീസുകൾ ഉൾപ്പടെ 16 സർവ്വീസുകളുണ്ട്. |
| (സി) | കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും കുറവ് മൂലം പല ദിവസങ്ങളിലും ഇവിടെ ഷെഡ്യൂളുകൾ മുടങ്ങാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർ കൂടുതലായി അവധി എടുക്കുമ്പോൾ സർവ്വീസുകൾ മുടങ്ങാറുണ്ട്. |
| (ഡി) | റാന്നി കെ.എസ്.ആർ.ടി.സി. സെന്ററിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ ജീവനക്കാരെയും ഇവിടേക്ക് അടിയന്തിരമായി നിയമിക്കുന്നതിനും കാലപ്പഴക്കംചെന്ന ബസുകൾക്ക് പകരം പുതിയവ | (ഡി) | റാന്നി കെ.എസ്.ആർ.ടി.സി യൂണിറ്റിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സിയിലെ നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലം മാറ്റം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ 13 വർഷത്തിനു |

| | | | |
|---|---|---|---|
| | നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | | താഴെ പഴക്കമുള്ള ബസ്സുകൾ മാത്രമേ റാന്നി ഡിപ്പോയിൽ ഉള്ളൂ. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് പഴക്കമുള്ള ബസ്സുകൾ മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഇ) | റാന്നിയിൽ നിന്നും ബാംഗ്ലൂർ, ചെന്നൈ, തെങ്കാശി - മധുര എന്നിവിടങ്ങളിലേക്ക് പുതിയ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | കേരളവും, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി ഏർപ്പെട്ട അന്തർ സംസ്ഥാന കരാറുകളുടെ അടിസ്ഥാനത്തിലാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത്. നിലവിലുള്ള കരാറിൽ ടി റൂട്ടുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ള സർവ്വീസുകൾ ആരംഭിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ